# 2009 ഡിസംബർ 13 ഞായർ, വചനവിചിന്തനം
# ലൂക്കാ. 1 : 57

## ക്രിസ്തുവിനു വഴി ഒരുക്കുന്ന യോഹന്നാൻ.

ദൈവപുത്രന്റെ രക്ഷാകര സംഭവങ്ങൾക്ക് അവതാരകനായി തിരഞ്ഞെടുക്കപ്പെട്ട സ്നാപകയോഹന്നാൻ — ജനനം ദൈവത്തിന്റെ ഇടപെടൽ വഴി, ഒരുക്കപ്പെട്ടത് മരുഭൂമിയുടെ പാഠശാലയിൽ ആത്മാവിനാൽ , കാരണം അവന്റെ നിയോഗം ദൈവപുത്രന്റെ വഴി തെളിക്കുക എന്നതായിരുന്നല്ലോ. ദൈവസ്നേഹത്തിന്റെ കനലെരിയുന്ന വാക്കുകൾ കൊണ്ട് അവൻ ജനത്തെ ഒരുക്കി - യേശുവിന്റെ രക്ഷയുടെ അനുഭവം ഉൾക്കൊള്ളാൻ കഴിയുന്നവിധം മനസ്സിന് അന്തരം വരുത്താൻ ശ്രോതാക്കളെ പ്രേരിപ്പിച്ചുകൊണ്ട്.

ദൈവകാരുണ്യത്തിന്റെ മുഖക്കുറിപ്പോടെ മാത്രമേ യോഹന്നാന്റെ ജീവിതത്തെ അവതരിപ്പിക്കാനാവൂ. വാർദ്ധക്യവും വന്ധ്യതയും മരവിപ്പിച്ച സക്കറിയാ- എലിസബത്ത് ദമ്പതികൾ. പ്രതീക്ഷകൾക്ക് പച്ചപ്പു നഷ്ടപ്പെട്ട ഒരു കാലത്താണ് ദൈവത്തിന്റെ ദർശനം- ഒരു കുഞ്ഞിനെ തരുമെന്ന വാഗ്ദാനത്തോടെ ദൈവം ഇടപെട്ടു. ഒരു കുഞ്ഞിനു ജന്മം കൊടുക്കാൻ കഴിവില്ലാത്ത വന്ധ്യമായ ഉദരവും പ്രായാധിക്യവും ദൈവത്തിന്റെ സാദ്ധ്യതകളെ തടസപ്പെടുത്തുന്നില്ല. അവിടെ മുതൽ സക്കറിയാ എന്ന മനുഷ്യൻ നിശബ്ദനാകുകയാണ്.

മനുഷ്യന്റെ പരിമിതികളിലേയ്ക്കും അസാദ്ധ്യതകളിലേയ്ക്കും ദൈവം സാദ്ധ്യതയായി പെയ്തിറങ്ങുന്നതു കാണുമ്പോൾ മനുഷ്യബുദ്ധിക്കു നിശബ്ദമാകാതെ തരമില്ല. ദൈവികരഹസ്യങ്ങളെ അടുത്തറിയുന്നവൻ മൗനത്തിലേയ്ക്ക് ഉൾവലിയുന്നത് അവന്റെ വാക്കിന്റെ പരിധിയും ബുദ്ധിയുടെ പരിമിതിയും അറിയുന്നതുകൊണ്ടാണ്. ഒരുപാട് ചോദ്യങ്ങൾക്കൊടുവിൽ ദൈവം ചോദിക്കാൻ തുടങ്ങുമ്പോൾ നിശബ്ദനാകുന്ന ജോബിനെപ്പോലെ.

ദൈവാലയത്തിലെ ശുശ്രൂഷയുടെ പശ്ചാത്തലത്തിൽ, ദൈവിക മേഖലയിൽവച്ചാണ് ദൈവം ഒരു കുഞ്ഞിനെ നല്കുമെന്ന വാഗ്ദാനം സക്കറിയാ സ്വീകരിക്കുന്നത്. ആ കുഞ്ഞിനെ മാതാപിതാക്കൾ കണ്ടത് ദൈവകാരുണ്യമായിട്ടാണ്. (യോഹന്നാൻ എന്ന പദത്തിന്റെ അർത്ഥമിതാണ് ) അവൻ ആത്മാവിനാൽ ശിക്ഷണം ചെയ്യപ്പെടുകയും ദൈവപുത്രന്റെ ദൂതനാവുകയും ചെയ്തു. ദാമ്പത്യത്തിലെ ദൈവമേഖലയിൽ വച്ചാകണം ഓരോകുഞ്ഞും പിറവികൊള്ളാൻ ഇടയാകേണ്ടത്. അവൻ അരൂപിയുടെ സ്പർശമുള്ളവനാകും അല്ലാതെ സംഭവിക്കുന്ന ജനനമൊക്കെ ജഡത്തിൽനിന്നു ജനിക്കുന്ന ജഡം മാത്രമായിരിക്കുകയും ചെയ്യും.

സ്നാപകന്റെ ഒരുക്കത്തിന്റെ വേദിക മരുഭൂമി: അവൻ ആത്മാവിനാൽ ശക്തിപ്പെട്ടു എന്നാണ് വചനം. ആത്മശിക്ഷണത്തിന്റെ ഭൂമികയാണ് മരുഭൂമി. ദൈവികമായ നിയോഗംപേറുന്നവരൊക്കെ മരുഭൂമിയുടെ പഠനക്കളരിയിലാണ് തുടങ്ങേണ്ടത്. പരസ്യജീവിതത്തിനുമുമ്പ് ക്രിസ്തുപോലും തെരഞ്ഞെടുത്തത് മരുഭൂമിയാണ്. ശിക്ഷണത്തിന്റെ കാല

ഘട്ടം എന്ന് മരുഭൂമിയെ മൊഴിമാറ്റം നടത്താം. ഒരു സാവൂളിനെ പൗലോസാക്കിയ ഡമാസ്കസ് അനുഭവവും ഇതു തന്നെ. ഒരു അസ്സീസ്സിയെ രൂപപ്പെടുത്തിയ വ്രതാനുഭവവും ഇതുതന്നെ.

ആത്മാവിനാൽ ശക്തി ധരിക്കപ്പെട്ടവരൊക്കെ ക്രിസ്തുവിന്റെ വരവ് അറിയിക്കുന്നവരാണ്. ആത്മാവിന്റെ കനലിൽനിന്ന് വാക്കുകൾ അഗ്നിയായി ആളുകയാണ്. പത്രോസിന്റെ പന്തക്കുസ്താ അനുഭവത്തിനു ശേഷമുള്ള പ്രസംഗവും, കല്ലേറിയുന്നവരുടെ മുമ്പിൽ നിന്ന് ഉന്നതത്തിന്റെ ദർശനവും കണ്ട് ചോരചിന്തി മരിക്കുന്ന സ്തേഫാനോസിന്റെയുമൊക്കെ വാക്കുകൾക്ക് തീ പിടിച്ചത് ആത്മാവിന്റെ കനൽ കെടാത്തതുകൊണ്ടാണ്.

ക്രിസ്തുവിനെ സ്വീകരിക്കാൻ വഴി ഒരുക്കപ്പെടേണ്ട കാലഘട്ടമാണ് നോമ്പ്. ആത്മശിക്ഷണം കൊണ്ട് സ്വന്തം ഹൃദയത്തിലേയ്ക്ക് ഒരു വഴി വെട്ടുക. ആത്മാവിനാൽ നിറഞ്ഞ വാക്കും കർമ്മവും കൊണ്ട് മറ്റുള്ളവരുടെ ജീവിതത്തിലേയ്ക്കും ക്രിസ്തു കടന്നുവരാൻ വഴി ഒരുക്കുക. മനുഷ്യന്റെ അസാദ്ധ്യതകൾ ദൈവത്തിന്റെ സാദ്ധ്യതയാണെന്നറിഞ്ഞ് മൗനത്തിന്റെ ഇടവേളകളിൽ ദൈവസ്തുതികൾ ഉയരുകയും ചെയ്യട്ടെ.

**ഫാ. അലക്സ് വേലച്ചേരിൽ.**